**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3231** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല ഗവ. സ്കൂളിൽ യു.പി. വിഭാഗം അനുവദിക്കുന്നതിന് നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ലോവർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളുള്ള ഉടുമ്പൻചോല തമിഴ് മീഡിയം ഗവൺമെന്റ് സ്കൂളിൽ അപ്പർ പ്രൈമറി വിഭാഗം അനുവദിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | (എ) യും (സി) യും- ഉടുമ്പൻചോല ഗവൺമെന്റ് സ്കൂളിൽ യു.പി.വിഭാഗം കൂടി അനുവദിക്കുന്ന വിഷയം പരിശോധിക്കുകയും സംസ്ഥാനത്ത് എൽ.പി., ഹൈസ്കൂൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്നതും എന്നാൽ യു.പി. വിഭാഗം ഇല്ലാത്തതുമായ സ്കൂളുകളുടെ വിവരവും പ്രസ്തുത സ്കൂളുകളുടെ 3 മുതൽ 5 കിലോമീറ്റർ ദൂരപരിധിയിൽ പ്രവർത്തിക്കുന്ന യു.പി. വിഭാഗമുള്ള സർക്കാർ/എയിഡഡ് സ്കൂളുകളുടെ വിവരവും യു.പി. വിഭാഗം ഇല്ലാത്ത സ്കൂളുകളിൽ ആയത് ആരംഭിക്കുന്നതിന് ഉണ്ടാകുന്ന വാർഷിക സാമ്പത്തിക ബാദ്ധ്യതയും (ഓരോ സ്കൂളിനും പ്രത്യേകമായി) ഇവയിൽ അത്യാവശ്യമായി അനുവദിക്കേണ്ട സ്കൂളുകളുടെ മുൻഗണന ക്രമവും എല്ലാ ജില്ലകളിലെയും സ്ഥിതിയും വ്യക്തമായി പരിശോധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് വിശദമായി പരിശോധിച്ചതിനുശേഷമേ ഈ വിഷയത്തിൽ ഒരു അന്തിമ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളു. |
| (ബി) | ഈ സ്കൂളിൽ അടിയന്തരമായി അപ്പർ പ്രൈമറി വിഭാഗം ആരംഭിക്കണമെന്ന സംസ്ഥാന ബാലാവകാശ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ സ്കൂളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ അപ്പർ പ്രൈമറി വിഭാഗം പ്രവർത്തിച്ചു തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | (എ) യും (സി)യും- ഉടുമ്പൻചോല ഗവൺമെന്റ് സ്കൂളിൽ യു.പി.വിഭാഗം കൂടി അനുവദിക്കുന്ന വിഷയം പരിശോധിക്കുകയും സംസ്ഥാനത്ത് എൽ.പി., ഹൈസ്കൂൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്നതും എന്നാൽ യു.പി. വിഭാഗം ഇല്ലാത്തതുമായ സ്കൂളുകളുടെ വിവരവും പ്രസ്തുത സ്കൂളുകളുടെ 3 മുതൽ 5 കിലോമീറ്റർ ദൂരപരിധിയിൽ പ്രവർത്തിക്കുന്ന യു.പി. വിഭാഗമുള്ള |

| | | | |
|---|---|---|---|
| | | | സർക്കാർ/എയിഡഡ് സ്കൂളുകളുടെ വിവരവും യു.പി. വിഭാഗം ഇല്ലാത്ത സ്കൂളുകളിൽ ആയത് ആരംഭിക്കുന്നതിന് ഉണ്ടാകുന്ന വാർഷിക സാമ്പത്തിക ബാദ്ധ്യതയും (ഓരോ സ്കൂളിനും പ്രത്യേകമായി) ഇവയിൽ അത്യാവശ്യമായി അനുവദിക്കേണ്ട സ്കൂളുകളുടെ മുൻഗണന ക്രമവും എല്ലാ ജില്ലകളിലെയും സ്ഥിതിയും വ്യക്തമായി പരിശോധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് വിശദമായി പരിശോധിച്ചതിനുശേഷമേ ഈ വിഷയത്തിൽ ഒരു അന്തിമ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

## തിരുവനന്തപുരം

ഹാജർ: ശ്രീമതി. മീന. സി.യു. (മെമ്പർ)

തീയതി : 25.04.2015

**സി.ആർ.എം.പി.നമ്പർ : 2320/06/LA1/2014/KeSCPCR**

ഹർജിക്കാർ :

1. വിദ്യാർത്ഥികൾ,
   യു.പി. വിഭാഗം,
   ഗവൺമെന്റ് സ്കൂൾ,
   ഉടുമ്പൻചോല,
   ഇടുക്കി ജില്ല.

2. പ്രസിഡന്റ്,
   പി.ടി.എ.,
   ഗവൺമെന്റ് ഹൈസ്കൂൾ,
   ഉടുമ്പൻചോല,
   ഇടുക്കി ജില്ല.

എതിർകക്ഷികൾ :

1. സെക്രട്ടറി,
   പൊതു വിദ്യാഭ്യാസ വകുപ്പ്,
   തിരുവനന്തപുരം.

2. ഡയറക്ടർ,
   പൊതു വിദ്യാഭ്യാസ വകുപ്പ്,
   തിരുവനന്തപുരം.

3. സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ,
   എസ്.എസ്.എ., നന്താവനം,
   തിരുവനന്തപുരം.

4. സെക്രട്ടറി,
   ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്,
   ഉടുമ്പൻചോല പി.ഒ., ഇടുക്കി ജില്ല.

5. വിദ്യാഭ്യാസ ഉപഡയറക്ടർ,
   ഇടുക്കി ജില്ല.

6. ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   കട്ടപ്പന, ഇടുക്കി ജില്ല.

7. ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർ,
   എസ്.എസ്.എ., ഇടുക്കി ജില്ല.

## ഉത്തരവ്

1. ഇടുക്കി ജില്ലയിലെ ദുർബല വിഭാഗപ്രദേശമായ ഉടുമ്പൻചോലയിലെയും അതിനടുത്ത മൂന്ന് പഞ്ചായത്തുകളിലും താമസിക്കുന്ന തമിഴ് വിദ്യാർത്ഥികളായ തങ്ങളുടെ പഠനത്തിനുള്ള ഏക ആശ്രയമാണ് ഉടുമ്പൻചോല ഗവൺമെന്റ് എൽ.പി. സ്കൂൾ എന്നും എന്നാൽ ഇതുവരെ ഈ സ്കൂളിനെ യു.പി. സ്കൂൾ ആക്കി ഉയർത്തിയിട്ടില്ല എന്നും 2011 – ൽ ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂൾ വിഭാഗത്തിന് അനുമതി ലഭിച്ചു എന്നും യു.പി. സ്കൂൾ പി.ടി.എ.യും പഞ്ചായത്തും ചേർന്നാണ് നടത്തുന്നതെന്നും തോട്ടം മേഖലയിൽ കൂലിവേല ചെയ്യുന്ന തങ്ങളുടെ മാതാപിതാക്കൾക്ക് യു.പി. സ്കൂളിൽ ഫീസ് കൊടുത്ത് പഠിക്കുവാൻ വേണ്ട സാമ്പത്തികസ്ഥിതി ഇല്ലാത്തതിനാൽ തങ്ങൾക്ക് 4-ാം ക്ലാസ്സോടെ പഠനം നിർത്തേണ്ട സാഹചര്യമാണ് ഉള്ളതെന്നും ഇവിടെ എൽ.പി. വിഭാഗവും ഹൈസ്കൂൾ വിഭാഗവും ഗവൺമെന്റ് സ്ഥാപനമായി പ്രവർത്തിക്കുകയും എന്നാൽ യു.പി. വിഭാഗത്തിലെ കുട്ടികൾക്ക് ഫീസ് നൽകി പഠിക്കേണ്ട സാഹചര്യമായതിനാൽ പല കുട്ടികൾക്കും പഠനം തുടരുവാൻ സാധിക്കുന്നില്ല എന്നും ഉച്ചഭക്ഷണം, പാഠപുസ്തകം, യൂണിഫോം തുടങ്ങി സർക്കാർ സ്കൂളിൽ ലഭിക്കുന്ന യാതൊരു സഹായവും ഇവിടുത്തെ കുട്ടികൾക്ക് ലഭിക്കുന്നില്ല എന്നും തങ്ങൾക്ക് അവകാശപ്പെട്ട വിദ്യാഭ്യാസം ലഭിക്കാത്ത സാഹചര്യമാണ് ഉള്ളതെന്നും മാതാപിതാക്കൾ ഇല്ലാത്തവരും മാനസിക വൈകല്യമുള്ളവരും എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുമായ ധാരാളം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ടെന്നും വിദ്യാഭ്യാസ അവകാശം നിലനിൽക്കുന്ന കേരളത്തിൽ ഉടുമ്പൻചോല ഗവൺമെന്റ് സ്കൂളിൽ യു.പി. സ്കൂളിന് വേണ്ട അംഗീകാരം സർക്കാർ നൽകണമെന്നും ഇങ്ങനെ അംഗീകാരം ലഭിച്ചാൽ 200 – ൽ അധികം വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള സാഹചര്യം ഉണ്ടാകുമെന്നും തങ്ങളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കുന്നതിനു വേണ്ടി ഉടുമ്പൻചോല യു.പി. സ്കൂളിന് സർക്കാർ അംഗീകാരം ലഭിക്കാനുള്ള നടപടികൾ ഉണ്ടാകണമെന്നും അപേക്ഷിച്ചാണ് ഉടുമ്പൻചോല യു.പി. സ്കൂളിലെ വിദ്യാർത്ഥികളും പി.ടി.എ. പ്രസിഡന്റും ചേർന്ന് കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിച്ചത്.

2. ഹർജി സംഗതിയുടെ ഗൗരവം കണക്കിലെടുത്ത് അത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി ഇടുക്കി പൊതു വിദ്യാഭ്യാസ ഓഫീസർ, ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് കമ്മീഷൻ നോട്ടീസ് നൽകി. 24.11.2014

തിയതിയിലെ A4/8894/2014 നമ്പരായി ഇടുക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസറും 07.03.2015 തിയതിയിലെ A3-1262/15 നമ്പരായി ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയും കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

3. ഇടുക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ ഉടുമ്പൻചോല ഗവൺമെന്റ് സ്കൂൾ 1999-2000 വർഷത്തിൽ തമിഴ് മീഡിയം എൽ.പി. സ്കൂളായി അനുവദിച്ചു എന്നും 2011-2012 വർഷത്തിൽ ആർ.എം.എസ്.എ പദ്ധതി പ്രകാരം തമിഴ് മീഡിയം ഹൈസ്കൂളായി ഉയർത്തുകയുണ്ടായി എന്നും 2014-2015 വർഷത്തിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ 98 കുട്ടികൾ പഠിക്കുന്നുണ്ടെന്നും ഇതിൽ 35 കുട്ടികൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരാണെന്നും 4-ാം ക്ലാസ്സിൽ 27 കുട്ടികൾ പഠിക്കുന്നുണ്ടെന്നും സ്കൂളിന് 3 ഏക്കർ സ്ഥലമുള്ളതായി മനസ്സിലാക്കുന്നുവെന്നും ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് വിട്ട് നൽകിയ കെട്ടിടത്തിലാണ് പ്രൈവറ്റായി യു.പി. സ്കൂൾ പ്രവർത്തിക്കുന്നതെന്നും ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് വേണ്ട സൗകര്യങ്ങൾ ഒരുക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും തമിഴ് ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഉപരിപഠനത്തിനായി ടി എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളാക്കേണ്ടത് വളരെ അനിവാര്യമാണെന്നും ബോധിപ്പിക്കുകയുണ്ടായി.

4. ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് അസിസ്റ്റൻഡ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ 1999 മുതൽ ഗവൺമെന്റ് എൽ.പി. സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണെന്നും 2011 വർഷം ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂൾ വിഭാഗം പ്രവർത്തനം ആരംഭിച്ചുവെന്നും ടി സ്കൂളിൽ സർക്കാർതലത്തിൽ യു.പി. വിഭാഗം അനുവദിച്ച് കിട്ടാത്തതിനാൽ പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ യു.പി. വിഭാഗം പ്രവർത്തിച്ചു വരുന്നുവെന്നും തമിഴ് മീഡിയമാണ് സ്കൂളിലെ അദ്ധ്യയനമാധ്യമമെന്നും കർഷക തൊഴിലാളികളും തോട്ടം തൊഴിലാളികളുമായ തമിഴ് ഭാഷാ ന്യൂനപക്ഷത്തിൽപ്പെട്ട ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ് ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് എന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് എൽ.പി. വിഭാഗം തമിഴ് മീഡിയം പഠനം പൂർത്തിയാക്കിയാൽ യു.പി. വിഭാഗം പഠനം നടത്തുന്നതിന് ഗ്രാമപഞ്ചായത്തിലോ സമീപപ്രദേശങ്ങളിലോ സൗകര്യം ലഭ്യമല്ല എന്നും ടി സാഹചര്യത്തിൽ താൽക്കാലികമായി അദ്ധ്യാപകരെ നിയോഗിച്ച് യു.പി. വിഭാഗം പ്രവർത്തനം പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ നടത്തിവരികയാണെന്നും ഉടുമ്പൻചോല ഗവൺമെന്റ് സ്കൂളിൽ യു.പി. വിഭാഗം പ്രവർത്തനം

ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് കമ്മിറ്റി 26.03.2015 - ാം തീയതിയിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണെന്നും യു.പി. വിഭാഗം പ്രവർത്തനം നടത്തുന്നതിന് സ്കൂൾ ബിൽഡിംഗിനായി 6 മുറികൾ, ടോയ്ലറ്റിന് 4 യൂണിറ്റുകൾ, ബസ് സൗകര്യം, സ്കൂളിൽ കുടിവെള്ളം, കമ്പ്യൂട്ടർ സൗകര്യം, ലൈബ്രറി തുടങ്ങുന്നതിനുള്ള തീരുമാനങ്ങൾ എന്നിവ പഞ്ചായത്ത് എടുത്തിട്ടുള്ളതാണെന്നും ഉടുമ്പൻചോല ഗവൺമെന്റ് സ്കൂളിൽ യു.പി. വിഭാഗത്തിന് സർക്കാർ അനുമതി ലഭിക്കേണ്ടതാണെന്നും ബോധിപ്പിക്കുകയുണ്ടായി.

5. ഇടുക്കി ജില്ലയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തമിഴ് വിഭാഗത്തിൽപ്പെടുന്ന തോട്ടം തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന ഉടുമ്പൻചോല ഗവൺമെന്റ് സ്കൂളിലെ യു.പി. വിഭാഗത്തിന് സർക്കാർ അംഗീകാരം ലഭിക്കാത്തതുമൂലം ഫീസ് കൊടുത്ത് യു.പി. സ്കൂളിൽ പഠിക്കേണ്ടി വരികയും സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഫീസ് കൊടുക്കാൻ സാധിക്കാതെ മിക്ക കുട്ടികളും 4-ാം ക്ലാസ്സിൽ പഠനം നിർത്തേണ്ട അവസ്ഥയുണ്ടെന്നുള്ളതും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ലംഘനമായതുകൊണ്ട് ഇത് വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. ടി സ്കൂളിലെ എൽ.പി. വിഭാഗത്തിനും ഹൈസ്കൂൾ വിഭാഗത്തിനും ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടെന്നും എന്നാൽ യു.പി. വിഭാഗത്തിന് അംഗീകാരമില്ലാത്തതിനാൽ ടി കുട്ടികൾക്ക് യൂണിഫോം, ഉച്ചഭക്ഷണം, പാഠപുസ്തകം ഇവയൊന്നും ലഭിക്കുന്നില്ല എന്നും കമ്മീഷന് ബോധ്യമായി. ഇതുമൂലം ടി സ്കൂളിൽ യു.പി. വിഭാഗത്തിൽ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കപ്പെടുന്നതിൽ വീഴ്ച വന്നിട്ടുണ്ടെന്നും ഇപ്പോഴത്തെ അവസ്ഥ യു.പി. വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നുമുള്ള നിഗമനത്തിൽ കമ്മീഷൻ എത്തിച്ചേരുന്നു. മാത്രമല്ല, വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ പഠനം അവരുടെ വിദ്യാഭ്യാസ അവകാശമാണ്.

6. മേൽപറഞ്ഞ സാഹചര്യവും കുട്ടികളുടെ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിൽ കുട്ടികളോട് പുലർത്തേണ്ട സാമൂഹിക പ്രതിബദ്ധതയും സർക്കാരിന്റെ ഉത്തരവാദിത്തവും കണക്കിലെടുത്ത് ടി സ്കൂളിലെ യു.പി. വിഭാഗത്തിന് സർക്കാർ അംഗീകാരവും എല്ലാവിധ ഭൗതികസാഹചര്യങ്ങളും നൽകുന്നത് ഏറ്റവും നീതിപൂർവ്വകമായിരിക്കുമെന്നാണ് കമ്മീഷൻ കരുതുന്നത്.

7. പ്രസ്തുത സാഹചര്യത്തിൽ 2005 ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 15-ാം വകുപ്പ് പ്രകാരം താഴെപ്പറയുന്ന ശുപാർശകൾ പുറപ്പെടുവിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ (2015-2016) ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗവൺമെന്റ് സ്കൂളിൽ യു.പി. വിഭാഗത്തിന് സർക്കാർ അംഗീകാരം ലഭിക്കുവാൻ വേണ്ട നടപടികളും കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കപ്പെടുന്നതിനാവശ്യമായ എല്ലാ വിധ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും, വിദഗ്ദ്ധരായ അദ്ധ്യാപകരെ നിയമിക്കുന്നതിനും വേണ്ട നടപടികൾ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് 1, 2, 3, 5, 6, 7 എതിർകക്ഷികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

(ബി) ടി സ്കൂളിലെ യു.പി. വിഭാഗം പ്രവർത്തനം നടത്തുന്നതിനായി ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് എടുത്തിട്ടുള്ള കുടിവെള്ളം, കമ്പ്യൂട്ടർ സൗകര്യങ്ങൾ, ലൈബ്രറി, ടോയ്‌ലറ്റിന്റെയും, മുറികളുടെയും നിർമ്മാണങ്ങൾ തുടങ്ങിയവ സംബന്ധമായ തീരുമാനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി അടുത്ത അദ്ധ്യയന വർഷം (2015-2016) മുതൽ യു.പി. സ്കൂളിന് അംഗീകാരം നൽകി നടപ്പിലാക്കുവാനുള്ള നടപടികൾ 4-ാം എതിർകക്ഷി ഉടൻ സ്വീകരിക്കേണ്ടതാണ്.

കമ്മീഷന്റെ ശുപാർശകളിന്മേൽ എതിർകക്ഷികൾ സ്വീകരിച്ച നടപടി റിപ്പോർട്ട് 2012 ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം 30 ദിവസക്കാലയളവിനുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
മീന.സി.യു
(മെമ്പർ)

ഉത്തരവിൻ പ്രകാരം

എസ്.എച്ച്. ജയകേശൻ
രജിസ്ട്രാർ